# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1035 05.03.2020 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് I തസ്തിക**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പൊതുമരാമത്ത് വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ - ഗ്രേഡ് I തസ്തികയിലേക്ക് ഇലക്ട്രിക്കൽ, സിവിൽ വിഭാഗങ്ങളിലെ നിർദ്ദിഷ്ട യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ട പ്രകാരം നിയമനം ലഭിക്കുന്നതിന് ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ - ഗ്രേഡ് I തസ്തികയിലേയ്ക്ക് നിർദ്ദിഷ്ടയോഗ്യതയുള്ള രണ്ടാം തരം ഓവർസിയർ / ഡ്രാഫ്റ്റ്സ്മാൻ, മൂന്നാം തരം ഓവർസിയർ / ഡ്രാഫ്റ്റ്സ്മാൻ, ക്ലാർക്ക്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വകുപ്പിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റൻഡന്റമാർക്കും സമാന തസ്തികയിലുള്ളവർക്കും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -I തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ട പ്രകാരം നിയമനം ലഭിക്കുന്നതിന് നിലവിൽ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| ബി) | പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിലെ സമാന തസ്തികയായ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് മേൽപ്പറഞ്ഞ പ്രകാരം ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ നിയമനം നൽകുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |

| | | |
|---|---|---|
| സി) | എങ്കിൽ ഇലക്ട്രോണിക്സ് വിഭാഗത്തിലെ യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ട പ്രകാരം നിയമനം ലഭിക്കുന്നതിന് സാധിക്കുന്ന രീതിയിൽ ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) ഇലക്ട്രോണിക്സ് വിഭാഗത്തിലെ യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിനുള്ള ശുപാർശ ചീഫ് എഞ്ചിനീയർ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്, പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ